## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :298** — **28.06.2011 ൽ മറുപടിയ്ക്ക്**

### പാത്രക്കണ്ടം, കരടിക്കുണ്ട് കോളനികളിലെ സമ്പൂർണ്ണ വൈദ്യുതീകരണം

| ചോദ്യം<br>ശ്രീ.എം.പി.വിൻസെന്റ് : | ഉത്തരം<br>ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
|---|---|
| (എ) സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചിട്ടും ഒല്ലൂർ മണ്ഡലത്തിലെ പാത്രക്കണ്ടം, കരടിക്കുണ്ട് കോളനികൾ വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഈ കോളനികളുടെ വൈദ്യുതീകരണം നടപ്പിലാക്കാത്തതിന് കാരണം വ്യക്തമാക്കാമോ; | (ബി) കരടിക്കുണ്ട് കോളനിയിലെ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങൾ വൈദ്യുതീകരിച്ചിട്ടുണ്ട്.ഈ കോളനിയിലെ കുടിയേറ്റ വിഭാഗങ്ങളായ മറ്റു കാറ്റഗറിയിലുള്ളവർ താമസിക്കുന്ന സ്ഥലത്തും പാത്രക്കണ്ടം കോളനിയിലേക്കും വൈദ്യുതി ലൈൻ വലിക്കേണ്ടത് റിസർവ്വ് ഫോറസ്റ്റ് ഏരിയ വഴിയാണ്. ഇതിനുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കാതിരുന്നതിനാലാണ് പ്രസ്തുത സ്ഥലങ്ങൾ വൈദ്യുതീകരിക്കാൻ കഴിയാതിരുന്നത്. ഇതിനുള്ള അപേക്ഷ പീച്ചിയിലെ വൈൽഡ് ലൈഫ് ഡിവിഷന് സമർപ്പിച്ചിരിക്കയാണ് . |
| (സി) പ്രസ്തുത കോളനികൾ സമയ ബന്ധിതമായി വൈദ്യുതീകരിക്കുമോ? | ഫോറസ്റ്റ് ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ